**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6392** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഹൈക്കോടതി വിധി പ്രകാരം വനഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഡബ്ല്യൂ.പി.സി. നമ്പർ 16/13/2011 ലെ ഹൈക്കോടതി വിധി പ്രകാരം നിക്ഷിപ്ത വനഭൂമി അർഹരായവർക്ക് പതിച്ച് കൊടുക്കുന്നതിൽ തീരുമാനം എടുക്കാൻ കോടതി സർക്കാരിന് നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ബഹു.കേരള ഹൈക്കോടതിയുടെ WP(C) No. 1613/2011 കേസിലെ 29/10/2021 തീയതി വിധി പ്രകാരം കക്ഷികൾ സമർപ്പിച്ച പരാതികൾ പരിശോധിച്ച്, കക്ഷികളെ ഹിയറിങ് നടത്തി നിയമാനുസൃതം നടപടികൾ സ്വീകരിക്കുവാൻ ഒന്നാം എതിർകക്ഷിയായ വനം വന്യ-ജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഇ2/283/2021-എഫ്.ഡബ്ല്യൂ.എൽ.ഡി. നമ്പർ ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടതിനുശേഷം FWLD-E2/283/2021-FWLD നമ്പർ ഫയൽ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയലിലെ നടപടിയുടെ ഭാഗമായി സർക്കാർ കക്ഷികളെ വിസ്തരിച്ചിട്ടുണ്ടോ; എങ്കിൽ അതെന്നാണെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. അപേക്ഷ സമർപ്പിച്ച കക്ഷികളെ 06/08/2022 തീയതിയിൽ സർക്കാർ കേട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഫയലിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 17.03.2023 തീയതിയിലെ ജി. ഒ (ആർറ്റി) നം.115/2023/എഫ്.ഡബ്ല്യൂ.എൽ.ഡി നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഫയലിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ